# ഗവൺമെന്റ് എഞ്ചിനീറിംഗ് കോളേജ് പാലക്കാട്
# ശ്രീകൃഷ്ണപുരം

നമ്പർ :**GECPKD/2055/2024-C3** തീയ്യതി: 04-12-2024

## <u>അനൗദ്യോഗിക കുറിപ്പ്</u>

**ക്വട്ടേഷൻ നമ്പർ: 22/ 2022 -23**

### കാൻറീൻ <u>നടത്തിപ്പിനുള്ള ക്വട്ടേഷൻ നോട്ടിസ്</u>

വിഷയം:- സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ശ്രീകൃഷ്ണപുരം - **2024-2026** വർഷത്തിൽ കാൻറീൻ നടത്തിപ്പ് സംബന്ധിച്ച്-

ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ **2024-2026** വർഷത്തിൽ കാൻറീൻ നടത്തിപ്പിനായി **FSSAI Certificate** ഉള്ളവരിൽ നിന്നും താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുദ്രവച്ച കൊട്ടേഷനുകൾ ക്ഷണിക്കുന്നു. **"കാൻറീൻ നടത്തിപ്പിനുള്ള കൊട്ടേഷൻ"** എന്ന് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സീൽ ചെയ്ത കവറുകളിൽ അടക്കം ചെയ്തിരിക്കുന്ന ക്വട്ടേഷനുകൾ **13/12/2024** ഉച്ചക്ക് **2 മണി** വരെ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം **3** മണിക്ക് തത്സമയം സാന്നിദ്ധ്യമുള്ള വ്യക്തികളുടെ മുമ്പാകെ തുറന്നു പരിശോധിക്കുന്നതുമാണ്. കാൻറിനിൽ ലഭിക്കേണ്ട ആഹാര സാധനങ്ങളുടെ വിവരം താഴെ ചേർത്തിട്ടുണ്ട്. ഈ നോട്ടിസിനോടനുബന്ധിച്ചിട്ടുള്ള പട്ടികയിൽ പറയുന്ന ആഹാരസാധനങ്ങൾക്ക് പുറമേ കൂടുതലായി എന്തെങ്കിലും വിൽക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവയുടെ അളവും നിരക്കും ക്വട്ടേഷനിൽ പ്രത്യേകമായി കാണിച്ചിരിക്കണം.

<u>**വ്യവസ്ഥകൾ**</u>

**1**.ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും സൗകര്യാർത്ഥമാണ് കാൻറീൻ പ്രവർത്തിക്കേണ്ടത്. ആഹാര സാധനങ്ങൾ വിൽക്കാൻ ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുന്ന ക്വട്ടേഷനാണ് സ്വീകരിക്കുന്നത്.

**2. 2024 - 2026** വർഷത്തിൽ കാൻറീൻ നടത്തുന്നതിനുള്ള അവകാശമാണ് ലേലം ചെയ്യുന്നത്. കാൻറീൻ നടത്തുന്നതിനുള്ള അവകാശം ലഭിക്കുന്ന വ്യക്തി തൃപ്തികരമായ രീതിയിൽ കാൻറീൻ പ്രവർത്തിക്കുന്നതിൽ പരാജയപ്പെടുന്നപക്ഷം കരാർ റദ്ദാക്കാനുള്ള പരമാധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.

**3.** കാൻറീൻ നടത്തിപ്പിനുള്ള കെട്ടിടം വെള്ളം, വൈദ്യുതി എന്നിവ സ്ഥാപനത്തിൽ നിന്നും അനുവദിക്കുന്നതാണ്. വെള്ളം സൗജന്യമായിരിക്കും. കെട്ടിടത്തിൻറെ മാസ വാടക **1500** രൂപ എല്ലാ മാസവും **10** ആം തീയതിക്കു മുൻപായി ഓഫീസിൽ മുൻകൂറായി ഒടുക്കേണ്ടതാണ്. വൈദ്യുതി ചാർജ് പ്രത്യേകം മീറ്റർ വെക്കുന്നതു വരെ പ്രതിമാസം **750** രൂപ നിരക്കിൽ നൽകേണ്ടതാണ്. അതിനുശേഷം മീറ്റർ റീഡിംഗ് പ്രകാരമുള്ള തുക അടക്കേണ്ടതാൺ. ഇന്ധന ആവശ്യത്തിനായി സ്ഥാപന പരിധിക്കുള്ളിലെ മരങ്ങൾ മുറിച്ചുപയോഗിക്കാൻ പാടില്ലാത്തതാകുന്നു. അത്തരം പ്രവണതകൾ ശ്രദ്ധയിൽ പെടുന്ന പക്ഷം തക്കതായ നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**4.**സെക്യൂരിറ്റി ഡിപ്പോസിറ്റായി **6000/-** ക ഓഫീസിൽ അടക്കേണ്ടതാണ്

**5.** കാൻറീൻ നടത്തുന്ന വ്യക്തി സ്വന്തം പേരിൽ കാൻറീൻ ലൈസൻസ് എടുത്തിരിക്കേണ്ടതും,

കാൻറീൻ ജീവനക്കാർ ഹെൽത്ത് കാർഡ് വങ്ങേണ്ടതുമാണ്. നിശ്ചിത ഗുണനിലവാരമില്ലാത്തതും പഴകിയതും കേടുവന്നതുമായ ആഹാര സാധനങ്ങൾ വിൽക്കുവാൻ പാടില്ലാത്തതാകുന്നു. ക്യാൻറീനിൻറെ നടത്തിപ്പിലും ഗുണനിലവാരത്തിലും ശുചിത്വത്തിലും ആരോഗ്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

**6.**ആഹാര പദാർത്ഥങ്ങൾ പാകം ചെയ്യുന്നതിനുള്ള പലവ്യഞ്ജനങ്ങൾ ഉൾപ്പടെയുള്ള സാധനങ്ങൾ സ്വന്തം നിലക്ക് വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്ഥാപന മേധാവിക്ക് യാതൊരു ബാധ്യതയും ഇല്ലാത്തതാകുന്നു.

**7.**ക്വട്ടേഷനുകൾ സ്വീകരിക്കുമ്പോൾ അംഗീകരിക്കുന്ന ആഹാര സാധനങ്ങൾക്ക് പുറമേ പുതിയ ഇനങ്ങൾ വിൽക്കുവാൻ സ്ഥാപന മേധാവിയുടെ മുൻകൂർ അനുമതി തേടേണ്ടതാണ്.

**8.**ആഹാരസാധനങ്ങളുടെ അളവ്, വില എന്നിവ ക്വട്ടേഷൻ പ്രകാരം വ്യക്തമായി രേഖപ്പെടുത്തി പ്രദർശിപ്പിക്കേണ്ടതാണ്.

**9.**കാന്റീൻ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു കമ്മറ്റി ഉണ്ടായിരിക്കുന്നതാണ്. കമ്മിറ്റിയുടെ തീരുമാനപ്രകാരം കാൻറീൻ പ്രവർത്തിക്കേണ്ടതാണ്.

**10.** കാൻറീൻ നടത്തിപ്പിനുള്ള രേഖാമൂലമുള്ള അനുമതി ലഭിച്ച് കഴിഞ്ഞ് ഒരാഴ്ച്ചക്കകം 6000/-രൂപ കരുതൽ ധനമായി കേട്ടിവെക്കേണ്ടതും 220/- രൂപ വിലയുള്ള മുദ്ര പത്രത്തിൽ തയ്യാറാക്കുന്ന സമ്മത പത്രത്തിൽ ഒപ്പ് വക്കേണ്ടതുമാണ്. കാലാവധി തീരുന്നതിനു മുൻപേ കരാറുകാരൻ കാൻറീൻ നടത്തിപ്പിൽനിന്നും ഏകപക്ഷീയമായി പിന്മാറുകയോ സ്ഥാപന മേധാവി കരാർ റദ്ദു ചെയ്യുകയോ ചെയ്യുന്ന പക്ഷം കരുതൽ ധനം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതായിരിക്കും .

**11.** ലഹരി വസ്തുക്കളും പുകയിലജന്യ പദാർത്ഥങ്ങളും വിൽപ്പന നടത്തുവാൻ പാടുള്ളതല്ല.

**12.** ക്യാമ്പസ്സിലെ അച്ചടക്കത്തിനും അക്കാദമിക് നിലവാരത്തിനും അനുയോജ്യമല്ലാത്ത പ്രവർത്തനങ്ങൾ കാൻറീൻ പരിസരത്ത് അനുവദിക്കുന്നതല്ല.

**13.** പായ്ക്കു ചെയ്ത ഭക്ഷണ പദാർത്ഥങ്ങൾ, പാനീയങ്ങൾ, ഐസ്ക്രീം തുടങ്ങിയ സാധനങ്ങൾ രേഖപ്പെടുത്തിയ പരമാവധി വിലയിൽ കൂടുതൽ തുകക്ക് വിൽക്കുവാൻ പാടുള്ളതല്ല .

**14.**കാൻറീൻ കരാർ ലഭിക്കുന്ന പക്ഷം FSSAI സർട്ടിഫിക്കറ്റ്, ജീവനക്കാരുടെ മെഡിക്കൽ /ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയതിനു ശേഷം മാത്രമേ കാൻറീൻ തുടങ്ങാൻ അനുവദിക്കുകയുള്ളൂ.

.

**ഡിജിറ്റലായി അംഗീകരിച്ചത്**

REMESH BABU K R
PRINCIPAL

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

സ്വീകർത്താവ്:

1.

1.നോട്ടിസ് ബോർഡ്

2.ഗ്രാമ പഞ്ചായത്ത് ശ്രീകൃഷ്ണപുരം

3.ഗ്രാമ പഞ്ചായത്ത് കടമ്പഴി പ്പുറം

4..ഗ്രാമ പഞ്ചായത്ത് കരിമ്പുഴ

5,വില്ലേജ് ഓഫീസ് ശ്രീകൃഷ്ണപുരം

6.വില്ലേജ് ഓഫീസ് കടമ്പഴി പ്പുറം
7.വില്ലേജ് ഓഫീസ് കരിമ്പുഴ
8.കുടുംബശ്രീ യൂണിറ്റ് ശ്രീകൃഷ്ണപുരം
9.കുടുംബശ്രീ യൂണിറ്റ്കടമ്പഴി പ്പുറം
10.കുടുംബശ്രീ യൂണിറ്റ് കരിമ്പുഴ
11.മണ്ണംപറ്റ ജംഗ്ഷനിൽ പതിക്കുന്നതിന്
12.ജില്ലാ ഇൻഫർമേഷൻ ഓഫീസർ,പാലക്കാട്
13. മാതൃഭൂമി ,മനോരമ ,ദേശാഭിമാനി ,കൌമുദി
14.ടെക്നിക്കൽ ഹൈ സ്കൂൾ ഷോർണ്ണൂർ,പാലക്കാട്
,ചിറ്റൂർ (ആമുഖ കത്ത് സഹിതം )
15.പോളിടെക്നിക്ക് കോളേജ് ,ഷോർണ്ണൂർ,പാലക്കാട്ട്
16.ഓഫീസ് കോപ്പി

**സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ശ്രീകൃഷ്ണപുരം**

**2024 -26 വർഷ കാലയളവിൽ കാന്റീൻ നടത്തിപ്പിനുള്ള കൊട്ടേഷൻ നോട്ടീസ്**

**പ്രഭാത ഭക്ഷണങ്ങൾ**

| ഇനങ്ങൾ | അളവ് | ദിവസം | നിരക്ക് രൂപയിൽ |
|---|---|---|---|
| പുട്ട് & കടലക്കറി | 160-200g | തിങ്കൾ-ചൊവ്വ | |
| ഇഡലി (2 എണ്ണം) സാമ്പാർ& ചട്ണി | 160-200g | ബുധൻ | |
| ദോശ (2 എണ്ണം) സാമ്പാർ& ചട്ണി | 160-200g | എല്ലാ ദിവസവും | |
| പൊറോട്ട (2 എണ്ണം) മുട്ടക്കറി/കടലക്കറി | 160-200g | ബുധൻ,വെള്ളി | |
| ഇടിയപ്പം (2 എണ്ണം) മുട്ടക്കറി/കടലക്കറി | 160-200g | തിങ്കൾ-ചൊവ്വ | |
| ചപ്പാത്തി കടലക്കറി | 160-200g | വ്യാഴം | |
| പൂരി മസാല (2 എണ്ണം)/ ഉപ്പുമാവ്&പഴം | 200g | വെള്ളി | |
| നെയ് റോസ്റ്റ് | 100g | തിങ്കൾ | |
| മസാല ദോശ | 150g | ചൊവ്വ | |

**ഉച്ച വിഭവങ്ങൾ**

| ഇനങ്ങൾ | അളവ് | ദിവസം | നിരക്ക് രൂപയിൽ |
|---|---|---|---|
| ഊണ്(ചോറ്,സാമ്പാർ/മോരുകറി,രണ്ടുതരം കറികൾ,ഉപ്പേരി,അച്ചാർ,പപ്പടം,മോര്,രസം സഹിതം | 500g | എല്ലാ ദിവസവും | |
| | | | |

| | | | |
|---|---|---|---|
| ചിക്കൻ കറി | 120-150g | തിങ്കൾ,ചൊവ്വ | |
| ചിക്കൻ ബിരിയാണി | 300g | എല്ലാ ദിവസവും | |
| വെജിറ്റബിൾ ബിരിയാണി | 300g | എല്ലാ ദിവസവും | |
| മീൻ കറി | 120-150g | ബുധൻ | |
| മീൻ വറുത്തത് | 100-120g | കിട്ടുന്നതനുസരിച്ച് | |
| മുട്ടക്കറി | 80-100g | തിങ്കൾ,ചൊവ്വ,ബുധൻ | |
| ഓംലറ്റ്(സിങ്കിൾ) | 100g | എല്ലാ ദിവസവും | |
| ഓംലറ്റ്(ഡബിൾ ) | 200g | എല്ലാ ദിവസവും | |

**വൈകുന്നേര വിഭവങ്ങൾ**

| ഇനങ്ങൾ | അളവ് | ദിവസം | നിരക്ക് രൂപയിൽ |
|---|---|---|---|
| ചപ്പാത്തി | 60-80g(ഒരെണ്ണം) | വ്യാഴം | |
| വെജിറ്റബിൾ കറി | 100g | എല്ലാ ദിവസവും | |
| ചിക്കൻ റോൾ | 150g | തിങ്കൾ,ബുധൻ | |
| കപ്പ | 200-250g | കിട്ടുന്നതനുസരിച്ച് | |
| മീൻ കറി | 120-150g | കിട്ടുന്നതനുസരിച്ച് | |

**ചെറുകടികൾ**

| ഇനങ്ങൾ | അളവ് | ദിവസം | നിരക്ക് രൂപയിൽ |
|---|---|---|---|
| പഴം പൊരി | 60-80g | തിങ്കൾ | |
| പരിപ്പ് വട | 60-80g | ചൊവ്വ | |
| സമൂസ | 60-80g | ബുധൻ | |
| ഉഴുന്നുവട | 60-80g | വ്യാഴം | |
| മുട്ട പപ്സ് | 60-80g | വെള്ളി | |
| വെജ് പപ്സ് | 60-80g | തിങ്കൾ | |
| പഴം പുഴുങ്ങിയത് | 60-80g | എല്ലാ ദിവസവും | |
| മുട്ട പുഴുങ്ങിയത് | 60-80g | എല്ലാ ദിവസവും | |
| വാഴക്ക ബജി | 60-80g | വ്യാഴം | |
| മുട്ട ബജി | 60-80g | വെള്ളി | |
| ബ്രെഡ് ബജി | 60-80g | തിങ്കൾ | |
| മുളക് ബജി | 60-80g | ചൊവ്വ | |
| ഇലയട | 60-80g | തിങ്കൾ,ബുധൻ,വെള്ളി | |
| കൊഴുക്കോട്ട | 60-80g | ചൊവ്വ,വ്യാഴം | |
| സുഖിയൻ | 60-80g | വെള്ളി | |

**പാനീയങ്ങൾ**

| | | | |
|---|---|---|---|

| ഇനങ്ങൾ | അളവ് | ദിവസം | നിരക്ക് രൂപയിൽ |
|---|---|---|---|
| ചായ | 100-120ml | എല്ലാ ദിവസവും | |
| കാപ്പി | 100-120ml | എല്ലാ ദിവസവും | |
| ലൈം ജ്യൂസ് | 150-200ml | എല്ലാ ദിവസവും | |
| ഷാർജ്ജ ഷേക് | 200-250 ml | എല്ലാ ദിവസവും | |
| ചുക്ക് കാപ്പി | 100-120m | എല്ലാ ദിവസവും | |
| പാൽ | 100-120m | എല്ലാ ദിവസവും | |
| ഹോർലിക്സ്/ബൂസ്റ്റ്/ബോൺവിറ്റ | 150-200ml | എല്ലാ ദിവസവും | |
| കട്ടൻ കാപ്പി | 100-120m | എല്ലാ ദിവസവും | |
| കട്ടൻ ചായ | 100-120m | എല്ലാ ദിവസവും | |

**ശീതള പാനീയങ്ങൾ(FSSAI സർട്ടിഫൈ ചെയ്ത പാനീയങ്ങൾ മാത്രം)**

| ഇനങ്ങൾ | അളവ് | ദിവസം | നിരക്ക് രൂപയിൽ |
|---|---|---|---|
| പായ്ക്ക് ചെയ്ത ജ്യൂസ്(100% പഴച്ചാറുകൾ അഭികാമ്യം) | 200-250 ml | എല്ലാ ദിവസവും | |
| കാർബണേറ്റ് പാനീയം(സോഡാ etc) | 200-250 ml | എല്ലാ ദിവസവും | |

**മറ്റു മാംസ വിഭവങ്ങൾ**

| ഇനങ്ങൾ | അളവ് | ദിവസം | നിരക്ക് രൂപയിൽ |
|---|---|---|---|
| ബീഫ്,പോർക്ക് മുതലായവ (ഓരോന്നും വ്യകതമാക്കുക) | | | |

ക്യാൻറീൻ നിയമാവലി പാലിച്ചുകൊണ്ടുള്ളതും, ജീവനക്കാർക്കും, വിദ്യാർഥികൾക്കും അനുയോജ്യമാതുമായ മറ്റു ഭക്ഷണ വിഭവങ്ങൾ ചുവടെ ചേർക്കാവുന്നതാണ്

പ്രിൻസിപ്പാൾ

Signed by
K R Remesh Babu
Date: 04-12-2024 15:52:21